# ജലയുദ്ധങ്ങൾ തുടരുന്നു!

പി.എ. അശോകൻ

ഭൂമിയിലെ ജീവന്റെ നിലനില്പിന് അടിസ്ഥാനം ജലമാണെന്ന് നമുക്കെല്ലാം അറിയാം. എല്ലാം ചരക്കുവൽക്കരിക്കുന്ന ഇക്കാലത്ത് അതുകൊണ്ടുതന്നെ വെള്ളവും പ്രധാന ഉൽപന്നമായി മാറുന്നു. സർവ്വവ്യാപകവും പൂർണ്ണസ്വാതന്ത്ര്യത്തോടെയും ഉപയോഗിച്ചിരുന്ന ജലത്തെ ഇപ്പോൾ സ്വകാര്യവൽക്കരിക്കാനും ക്രമേണ മാർക്കറ്റിൽ കിട്ടുന്ന ഒരു ഉൽപന്നമായി മാറ്റാനും വാണിജ്യശക്തികൾ ശ്രമം ആരംഭിച്ചു. ഇങ്ങനെ ജലസ്രോതസ്സുകൾ സ്വകാര്യവൽക്കരിക്കുകയും ജലവിനിമയ മാർഗ്ഗങ്ങൾ മലിനീകരിക്കപ്പെടുകയും ചെയ്യുമ്പോൾ സാധാരണ ജനങ്ങൾക്ക് ജലം കയ്യെത്താദൂരത്താവുന്നു. ക്രമേണ വരൾച്ച, ദാരിദ്ര്യം, പട്ടിണി ഇവയിലേക്ക് ജനങ്ങൾ വഴുതിവീഴുന്നു.

ഈ വിഷയം സമഗ്രമായി പ്രതിപാദിക്കുന്ന ഒരു പുസ്തകം 'ജലയുദ്ധങ്ങൾ' മാതൃഭൂമി ബുക്സ് പുറത്തിറക്കിയിരിക്കുന്നു. ലോകപ്രശസ്ത പരിസ്ഥിതി പ്രവർത്തകയായ വന്ദനശിവയാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

പാരിസ്ഥിതിക പ്രക്രിയയിൽ ജലത്തിന്റെ ചാക്രികതയെപ്പറ്റി തുടങ്ങി, ജലത്തിനുവേണ്ടി ചരിത്രത്തിൽ നടത്തിയ യുദ്ധങ്ങളെയും കലാപങ്ങളെയും പറ്റി, ചരിത്രാതീതകാലം മുതൽ മനുഷ്യർ ജലത്തെയും അതിന്റെ വിനിയോഗത്തെയും എങ്ങനെ കണ്ടിരുന്നു എന്നതുമുതൽ ആധുനികകാലത്ത് ജലാവകാശം ഭരണകൂടത്തിൽ കേന്ദ്രീകരിക്കുന്നതും അതിനെ സ്വകാര്യവൽക്കരിക്കാനും വാണിജ്യവൽക്കരിക്കാനും നടത്തുന്ന ശ്രമങ്ങളെ പറ്റിയും വളരെ വിശദമായി ഈ പുസ്തകം പ്രതിപാദിക്കുന്നു.

യഥാർത്ഥ ജനാധികാരത്തിലൂടെ ജലാധികാരം അതാത് പ്രാദേശിക ജനവിഭാഗങ്ങൾ കൈകാര്യം ചെയ്താലെ ജലത്തിന്റെ കുത്തകവൽക്കരണത്തെ ചെറുക്കാനാകൂ എന്ന് ഈ പുസ്തകം നമ്മോടു പറയുന്നു.




**ജലയുദ്ധങ്ങൾ**
വെള്ളത്തിനായുള്ള യുദ്ധങ്ങൾ
**വന്ദനശിവ**
വിവർത്തനം : ഐ.വി. ബാബു
പേജ് : 146, വില : 75 രൂപ
മാതൃഭൂമി ബുക്സ്, കോഴിക്കോട്

'ആധുനിക ഇന്ത്യയുടെ ദേവാലയങ്ങൾ' എന്ന് പാടി പുകഴ്ത്തിയ ഡാമുകളുടെ ഇന്നത്തെ അവസ്ഥ, അവ നിർമ്മിച്ച നദികളുടെ ഇന്നത്തെ ഗതി, ആ നദികൾ കൊണ്ട് നിലനിന്ന ജനവിഭാഗങ്ങളുടെ ഇന്നത്തെ അവസ്ഥ ഇവയെല്ലാം 'ഭംക്രാ' പദ്ധതിയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു. ഡാം നിർമ്മാണം മൂലം പിഴുതെറിയപ്പെടുന്ന മനുഷ്യരുടെ ചെറുത്തുനിൽപ്പും പോരാട്ടവും ഇന്ന് ഇന്ത്യയിലെ ഏറ്റവും ശ്രദ്ധേയമായ ജനകീയ സമരങ്ങളാണെന്നും ഇവ കേവല അണക്കെട്ടുവിരുദ്ധ സമരങ്ങളല്ലെന്നും കാട്, ഭൂമി, നദി എന്നിവയുടെ നിലനിൽപിനു കൂടിയുള്ള സമരങ്ങളാണെന്നും വന്ദനശിവ വിലയിരുത്തുന്നു.

ഇന്ന് ലോകത്തിൽ ഒട്ടുമിക്ക രാജ്യങ്ങളിലും അതിർത്തികൾക്കപ്പുറത്ത് നടക്കുന്ന സംഘർഷങ്ങളുടെയും യുദ്ധങ്ങളുടെയും അടിസ്ഥാന കാരണം രാജ്യാന്തര നദികളുടെ ജലം പങ്കുവെക്കുന്നതിനെയും അതിന്റെ അവകാശത്തെയും പ്രതിയാണെന്ന് നൈലിന്റെയും ജോർദാൻ നദിയുടെയും ഇന്നത്തെ അവസ്ഥകളിലൂടെ ഈ പുസ്തകം വിശദീകരിക്കുന്നു.

ലോകബാങ്ക് ആണ് ജലത്തിന്റെ മേലുള്ള കോർപ്പറേറ്റ് നിയന്ത്രണത്തിന് തുടക്കം വെച്ചത്. വായ്പകൾ കൊടുത്ത് ജലവിതരണം കേന്ദ്രീകരിക്കുകയും കുത്തവൽക്കരിക്കുകയും ചെയ്തതിനുപുറമെ പൊതുജലസ്രോതസ്സുകൾ സ്വകാര്യവൽക്കരിക്കാനും അതിലൂടെ ജലത്തെ ഒരു ഉല്പന്നമാക്കാനും അവർക്ക് കഴിഞ്ഞു. പുതിയ ഉടമ്പടികളിലൂടെ ലോകത്തെ പൊതുജലസ്രോതസ്സുകൾ സ്വകാര്യവൽക്കരിക്കുകയും ക്രമേണ ജലം കുത്തകകളുടെ പ്രധാന ഉല്പന്നമായിത്തീരുകയും ചെയ്യുന്ന അവസ്ഥയാണ് ഇന്ന് സംജാതമായിരിക്കുന്നത്. ജലദൗർബല്യത്താൽ ലോകത്തിലെ ഭൂരിപക്ഷം മനുഷ്യരും ബുദ്ധിമുട്ടുമ്പോൾ ലോകത്തിലെ കോർപ്പറേറ്റ് ഭീമന്മാർ ജലമാർക്കറ്റിലെ 'ജലഭീമന്മാർ' ആകാൻ മത്സരിക്കുന്നു. അടിസ്ഥാന വിഭവങ്ങൾക്കുമേലുള്ള കയ്യേറ്റവും കൊള്ളയേയും ജനം പൊറുപ്പിക്കില്ലെന്ന് ഇതിനെതിരെയുള്ള പോരാട്ടങ്ങളുടെ അവസ്ഥയും നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട് ഈ പുസ്തകം. ഗാന്ധി പറഞ്ഞു: "എല്ലാവരുടെ ആവശ്യാനുസരണമെടുക്കാൻ ഭൂമിയിൽ വേണ്ടുവോളമുണ്ട്. എന്നാൽ കുറച്ചുപേരുടെ ആർത്തിക്ക് വേണ്ടത്രയില്ല" ജലചാക്രികത നമ്മെ എല്ലാവരെയും ബന്ധിപ്പിക്കുന്നു. വെള്ളത്തിൽനിന്ന് നമുക്ക് സമാധാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പാതകൾ കണ്ടെത്താം.

*പി.ബി. 100, തൃശൂർ-680 001*